# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1299 03.10.2016 -ൽ മറുപടിയ്ക്ക്**

## <u>പറമ്പിക്കുളം - ആളിയാർ കരാർ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു. | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട വെള്ളം ലഭിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ;

(എ) കേരളത്തിന് പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് മഴക്കുറവുള്ള വർഷങ്ങളിൽ അർഹതപ്പെട്ട ജലം ലഭിക്കാറില്ല. നടപ്പ് ജല വർഷത്തിൽ (2016-17) മണക്കടവ് വിയറിൽ 2016 സെപ്റ്റംബർ 5 വരെ 806 എം.സി.എഫ്.ടി. ജലമാണ് ലഭിച്ചിരിക്കുന്നത്. ഈ കാലയളവിൽ പി.എ.പി. കരാർ പ്രകാരം 1180 എം.സി.എഫ്.ടി. ജലമാണ് ലഭിക്കേണ്ടിയിരുന്നത്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്ന് കേരളത്തിന് 15.09.2016 വരെ ഓരോ ദ്വൈവാരത്തിലും മണക്കടവ് വിയറിൽ ലഭിക്കേണ്ട ജലത്തിന്റെയും ലഭിച്ച ജലത്തിന്റെയും അളവുകൾ വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

| ദ്വൈവാരം | ജൂലൈ I | ജൂലൈII | ആഗസ്റ്റ് I | ആഗസ്റ്റ് II | സെപ്റ്റംബർ- I | ആകെ |
|---|---|---|---|---|---|---|
| കരാർ പ്രകാരം ലഭിക്കേണ്ട ജലം (എം. സി. എഫ്. ടി. യിൽ) | 130 | 130 | 250 | 160 | 510 | 1180 |

| ദ്വൈവാരം | ജൂലൈ I | ജൂലൈII | ആഗസ്റ്റ് I | ആഗസ്റ്റ് II | സെപ്റ്റംബർ - I | ആകെ |
|---|---|---|---|---|---|---|
| കരാർ പ്രകാരം ലഭിച്ച ജലം (എം. സി. എഫ്. ടി. യിൽ) | 130 | 50 | 152 | 160 | 314 | 806 |

2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി (540 ക്യൂസെക്സ് എന്ന തോതിൽ) ജലമാണ് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തേയ്ക്കായി കരാർ പ്രകാരം ലഭിക്കേണ്ടിയിരുന്നത്. 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് ആദ്യം തമിഴ്നാട് അറിയിച്ചിരുന്നത്. എന്നാൽ സർക്കാർ തലത്തിൽ നടത്തിയ ശക്തമായ ഇടപെടലുകളെ തുടർന്നും, പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെ നിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്ന്

ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാന ത്തിൽ 350 – 400 ക്യൂസെക്സ് എന്ന നിരക്കിൽ വെള്ളം തരാമെന്ന് തമിഴ് നാട് സമ്മതിച്ചിട്ടുണ്ട്.

ബി) പറമ്പിക്കുളം - ആളിയാർ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) 1970 മേയ് 29-ന് നിലവിൽ വന്ന (1958 നവംബർ 9 മുതൽ മുൻകാല പ്രാബല്യം) പറമ്പിക്കുളം ആളിയാർ പദ്ധതി കരാറിന്റെ ഖണ്ഡിക 5 (സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-നു തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും, മന്ത്രിതലത്തിലും, മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ 1988-2011 കാലയളവിൽ ഇരു സംസ്ഥാനങ്ങൾ തമ്മിൽ നടന്നെങ്കിലും, സംയുക്ത ഗേജിങ്ങിലൂടെ സ്ഥിരീകരിക്കപ്പെട്ട അധിക ജലലഭ്യത പങ്കുവെയ്ക്കുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഇരു സംസ്ഥാനങ്ങളും പരസ്പര ധാരണയിൽ എത്തിച്ചേർന്നിട്ടില്ല ആയതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യ മായിട്ടില്ല.

പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.) കരാറിന്റെ പുനരവലോകനവുമായി ബന്ധപ്പെട്ട ചർച്ചകൾ പുനരാരംഭിക്കുന്നതിന്റെ ഭാഗമായി ജോയിന്റ് ഡയറക്ടർ, ജോയിന്റ് വാട്ടർ റഗുലേഷൻ ഡിവിഷൻ, പി.എ.പി. പാലക്കാട്, തമിഴ് നാടിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി വകുപ്പുതലത്തിൽ അനൗപചാരിക ചർച്ച നടത്തു കയുണ്ടായി. തുടർ ചർച്ചകൾക്ക് തമിഴ് നാട് സർക്കാർ അനുകൂലമായി പ്രതികരിക്കുമെന്നാണ് തമിഴ് നാടിന്റെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കേരളത്തിന്റെ താല്പര്യ ങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് തമിഴ് നാടുമായി ചർച്ചകൾ നടത്തി കരാർ പുനരവ ലോകനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്.

ഈ വർഷത്തെ മഴലഭ്യത കുറഞ്ഞ സാഹചര്യത്തിൽ അടിയന്തരമായി, പി:എ.പി. കരാർ അനുസരിച്ച് ജലം നൽകാൻ തമിഴ് നാട് നടപടി സ്വീകരിയ്ക്കണമെന്ന് തമിഴ് നാട് മുഖ്യമന്ത്രിയോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ